LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിലെ വൃദ്ധസദനങ്ങൾ

82 (6241) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ എത്ര വൃദ്ധസദനങ്ങൾ പ്രവർത്തിച്ചുവരുന്നു എന്നറിയിക്കാമോ ;

(ബി) പ്രസ്തുത സദനങ്ങളിലായി എത്ര അന്തേവാസികളുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത സദനങ്ങളുടെ മേൽ സർക്കാരിന് എന്തെല്ലാം നിയന്ത്രണങ്ങൾ ഉണ്ടെന്നറിയിക്കുമോ ;

(ഡി) പ്രസ്തുത സദനങ്ങളിലെ അന്തേവാസികളുടെ ക്ഷേമത്തിനായി സർക്കാരിൽ നിന്നും ഏതെല്ലാം സഹായങ്ങൾ ലഭ്യമാക്കുന്നുവെന്ന് വെളിപ്പെടുത്തുമോ ;

(ഇ) വൃദ്ധജനങ്ങളെ കഴിവതും കുടുംബത്തിൽത്തന്നെ സംരക്ഷിക്കുന്നതിന് ആവശ്യമെങ്കിൽ നിയമനിർമ്മാണത്തിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സാമൂഹ്യക്ഷേമ വകുപ്പിന് കീഴിൽ സംസ്ഥാനത്ത് 15 വൃദ്ധസദനങ്ങൾ പ്രവർത്തിക്കുന്നു. സർക്കാർ ഗ്രാന്റോടുകൂടി സംസ്ഥാനത്ത് 154 വൃദ്ധസദനങ്ങൾ സന്നദ്ധ സംഘടനകൾ നടത്തുന്നു.

(ബി) സർക്കാർ നടത്തുന്ന 15 വയോജന കേന്ദ്രങ്ങളിലെ അന്തേവാസികളുടെ എണ്ണം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	അനുവദനീയമായ എണ്ണം	ഇപ്പോഴുള്ള അന്തേവാസികൾ
(1)	(2)	(3)	(4)
1.	കെയർഹോം, ചാക്ക, തിരുവനന്തപുരം	100	100
2.	വയോജന/പകൽ പരിപാലന കേന്ദ്രം സ്ത്രീകളുടെ വൃദ്ധസദനം,പൂജപ്പുര, തിരുവനന്തപുരം	75	25
3.	ഗവൺമെന്റ് വൃദ്ധ മന്ദിരം, കൊല്ലം	100	82

(1)	(2)	(3)	(4)
4.	ഗവൺമെന്റ് വൃദ്ധ മന്ദിരം, പത്തനംതിട്ട	100	26
5.	ഗവൺമെന്റ് വൃദ്ധ മന്ദിരം, കോട്ടയം	100	30
6.	ഗവൺമെന്റ് വൃദ്ധ മന്ദിരം, എറണാകുളം	100	33
7.	ഗവൺമെന്റ് വൃദ്ധ മന്ദിരം, തൃശ്ശൂർ	100	48
8.	ഗവൺമെന്റ് വൃദ്ധ മന്ദിരം, മലപ്പുറം	100	45
9.	ഗവൺമെന്റ് വൃദ്ധ മന്ദിരം, കോഴിക്കോട്	100	65
10.	ഗവൺമെന്റ് വൃദ്ധ മന്ദിരം, കണ്ണൂർ	100	46
11.	ഗവൺമെന്റ് വൃദ്ധമന്ദിരം, കാസർ ഗോഡ്	100	36
12.	വൃദ്ധ വികലാംഗ സദനം, ആലപ്പുഴ	25	23
13.	വൃദ്ധ വികലാംഗ സദനം, ഇടുക്കി	50	61
14.	വൃദ്ധ വികലാംഗ സദനം, പാലക്കാട്	25	28
15.	വൃദ്ധ വികലാംഗ സദനം, വയനാട്	50	19

(സി) പ്രസ്തുത സദനങ്ങളിലേക്ക് അന്തേവാസികൾക്ക് അഡ്മിഷൻ നല്കുമ്പോൾ സൂപ്രണ്ടുമാർ സാമൂഹ്യക്ഷേമ മേഖലാ അസിസ്റ്റന്റ്

LIBRARY ARCHIVES Kerala Legislative Assembly

ഡയറക്ടർമാർ മുഖേന ബന്ധപ്പെട്ട ജില്ലാ പ്രൊബേഷൻ ഓഫീസർമാരെ അറിയിക്കുകയും ജില്ലാ പ്രൊബേഷൻ ഓഫീസർമാർ പരിശോധന നടത്തി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യക്ഷേമ വകുപ്പ് റീജിയണൽ അസിസ്റ്റന്റ് ഡയറക്ടർമാർ പ്രവേശനം അംഗീകരിക്കുകയും ചെയ്യുന്നു.

ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർമാർ ഗ്രാന്റിന്റെ അപേക്ഷ പരിഗണിക്കുന്ന സമയത്ത് പ്രവേശനവും ഡിസ്ചാർജും സംബന്ധിച്ച രജിസ്റ്ററുകൾ പരിശോധിക്കാറുണ്ട്. സാമൂഹ്യക്ഷേമ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ നിയന്ത്രണം സർക്കാരിനാണ്.

സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ സന്നദ്ധ സംഘടനകൾ നടത്തുന്ന വൃദ്ധ സദനങ്ങൾ ഉൾപ്പെടെയുള്ള ധർമ്മ സ്ഥാപനങ്ങൾക്ക് അംഗീകാരം നല്കുന്നതും അവയെ നിയന്ത്രിക്കുന്നതും ഓർഫനേജ് കൺട്രോൾ ബോർഡ് ആണ്. ഇവയുടെ പ്രവർത്തനവും നടത്തിപ്പും നിരീക്ഷിക്കുന്നതിനും അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തുന്നതിന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും ജില്ലാ പ്രൊബേഷൻ ഓഫീസർ കൺവീനറും ഉൾപ്പെടെ 11 അംഗങ്ങൾ ഉൾക്കൊള്ളുന്ന ജില്ലാതല മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുണ്ട്.

(ഡി) സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 15 സ്ഥാപനങ്ങളിലെ അന്തേവാസികളുടെ സംരക്ഷണ ചെലവിനായി പ്രതിമാസം 750രൂപയും മരുന്നിന് പ്രതിമാസം 300 രൂപയും വസ്ത്രത്തിന് പ്രതിവർഷം 1000 രൂപയും നിരക്കിൽ തുക നൽകിവരുന്നു.

സന്നദ്ധ സംഘടനകൾ നടത്തുന്ന 154 വൃദ്ധ സദനങ്ങളിലെ അന്തേവാസികൾക്ക് സംസ്ഥാന സർക്കാർ ഒരു അന്തേവാസിക്ക് പ്രതിമാസം 200- രൂപ നിരക്കിൽ ഗ്രാൻറ് നൽകിവരുന്നു. ഇത് 250 രൂപയായി ഉയർത്തിയിട്ടുണ്ട്. കൈമാറ്റം ചെയ്ത സ്ഥാപനങ്ങളായതിനാൽ തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തിരം വിതരണം ചെയ്യുന്നു.

(ഇ) വയോജനങ്ങളുടെ സംരക്ഷണത്തിനായി മെയിന്റനൻസ് ആന്റ് വെൽഫെയർ ഓഫ് പാരൻസ് ആന്റ് സീനിയർ സിറ്റിസൺസ് ആക്ട് 2007-ഉം റൂൾസ് 2009-ഉം നിലവിൽ വന്നിട്ടുണ്ട്.

അംഗീകൃത വൃദ്ധ സദനങ്ങളുടെയും അനാഥാലയങ്ങളുടെയും എണ്ണം

83 (6242) ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര അംഗീകൃത വൃദ്ധസദനങ്ങളും അനാഥാലയങ്ങളും പ്രവർത്തിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly